**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5197. 02.07.2013 ൽ മറുപടിയ്ക്ക്.

<u>സ്വകാര്യ ബസ്സ് ജീവനക്കാർക്കുള്ള കളക്ഷൻബത്ത</u>

| <u>ചോദ്യം</u><br>ശ്രീ. പി.റ്റി.എ. റഹീം | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസുകളിലെ ജീവനക്കാർക്കു ലഭിക്കുന്ന കളക്ഷൻ ബത്തയാണ് അമിത വേഗത്തിനും അപകടങ്ങൾക്കും കാരണമാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | അപകടങ്ങൾക്കുള്ള പല കാരണങ്ങളിൽ ഒന്നാണ് എന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) കളക്ഷൻ ബത്ത ഒഴിവാക്കി ന്യായമായ ശമ്പളം ജീവനക്കാർക്ക് നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുമോ ; | (ബി) | മോട്ടോർ ട്രാൻസ്പോർട്ട് ജീവനക്കാർക്ക് ഫെയർ വേജസ് സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഇത് ഉറപ്പാക്കേണ്ടത് തൊഴിൽ വകുപ്പ് ആണ്. |
| (സി) കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ കളക്ഷൻ ബത്ത നിർത്തലാക്കി കഴിഞ്ഞ 18 മാസം കൊണ്ട് അപകടങ്ങൾ ഇല്ലായ്മ ചെയ്ത കാര്യം വിലയിരുത്തിയിട്ടുണ്ടോ ; ഇത്തരം നടപടികൾ വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | ഇപ്രകാരമൊരു കത്ത് ലഭിച്ചിരുന്നു. നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് ഗതാഗത കമ്മീഷണർ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.